**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4919** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണത്തല ഗവ. ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ മണത്തല ഗവ. ഹയർസെക്കന്ററി സ്കൂളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ GHSS മണത്തല സ്കൂളിന്റെ 1-ാം ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം ഏതാണ്ട് 70% ത്തോളം പൂർത്തിയായ അവസരത്തിൽ നിർമ്മാണം തുടർന്ന് നടക്കാത്ത സ്ഥിതി വരുകയും കരാർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യം ഉണ്ടായതിനാൽ കോൺട്രാക്ടറെ terminate ചെയ്യുകയുമുണ്ടായി. GHSS മണത്തല സ്കൂളിന് ഇനിയും അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 14.06.2022-ലെ GO(Rt) No.3564/2022/GEdn പ്രകാരം കിറ്റ്കോയെ എസ്.പി.വിയായി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ കിറ്റ്കോ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്നത് വിശദമാക്കാമോ? | (ബി) | ഗുരുവായൂർ മണ്ഡലത്തിലെ GHSS മണത്തല സ്കൂളിന്റെ 1-ാം ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം ഏതാണ്ട് 70% ത്തോളം പൂർത്തിയായ അവസരത്തിൽ നിർമ്മാണം തുടർന്ന് നടക്കാത്ത സ്ഥിതി വരുകയും കരാർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യം ഉണ്ടായതിനാൽ കോൺട്രാക്ടറെ terminate ചെയ്യുകയുമുണ്ടായി. GHSS മണത്തല സ്കൂളിന് ഇനിയും അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 14.06.2022-ലെ GO(Rt) No.3564/2022/GEdn പ്രകാരം കിറ്റ്കോയെ എസ്.പി.വിയായി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ കിറ്റ്കോ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെയുള്ള മികവിന്റെ കേന്ദ്രങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ ജി.ബി.എച്ച്.എസ്.എസ് വടക്കാഞ്ചേരി, ജി.എച്ച്.എസ്.എസ് ചാവക്കാട് എന്നീ 2 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് KITCO-യെ എസ്.പി.വിയാക്കിയും പദ്ധതി നിർവ്വഹണ ഏജൻസിയായും അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3564/2022/GEDN തീയതി,തിരുവനന്തപുരം, 14-06-2022

പരാമർശം:-

1. സ.ഉ(പി)നം.186/2016/പൊ.വി.വ തീയതി, 07/11/2016
2. സ.ഉ(സാ.ധാ)നം.1456/2017/പൊ.വി.വ തീയതി, 20/05/2017
3. സ.ഉ(സാ.ധാ)നം.3926/2017/പൊ.വി.വ തീയതി, 26/10/2017
4. സ.ഉ(സാ.ധാ)നം.3292/2017/പൊ.വി.വ തീയതി, 21/09/2017
5. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03/06/2022-ലെ കൈറ്റ്-ഇൻഫ്രാ/2022/1149 നമ്പർ കത്ത്
6. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10/06/2022-ലെ 61/22/KEM നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി നടത്തിപ്പിനുള്ള എസ്.പി.വി ആയി KITE നെ ചുമതലപ്പെടുത്തിയിരുന്നു. പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെട്ട വിവിധ സ്കൂളുകളുടെ ശാസ്ത്രീയമായ മാസ്റ്റർപ്ലാനും , വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ കിറ്റ്കോയെയും ചുമതലപ്പെടുത്തിയിരുന്നു.

2) പരാമർശം (4) ഉത്തരവ് പ്രകാരം 5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണത്തിന് തെരഞ്ഞെടുത്ത ജി.എച്ച്.എസ്.എസ് മണത്തല , ചാവക്കാട് (ക്രമനമ്പർ 31), ജി.ബി.എച്ച്.എസ്.എസ് വടക്കാഞ്ചേരി (ക്രമനമ്പർ 70) എന്നീ രണ്ട് സ്കൂളുകളുടെ എസ്.പി.വി ആയി കിറ്റ്കോയെ ചുമതലപ്പെടുത്തുന്നതിനു പരാമർശം (5) പ്രകാരം കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരാമർശം (6) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

പരാമർശം (4) ഉത്തരവിൽ ഉൾ 'പ്പറയുന്ന സ്കൂളുകളുടെ എസ്.പി.വി ആയി കൈറ്റിന് പകരം 'കിറ്റ്കോ'യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. ജി.എച്ച്.എസ്.എസ് മണത്തല, ചാവക്കാട് (തൃശ്ശൂർ ജില്ല)
2. ജി.ബി.എച്ച്.എസ്.എസ് വടക്കാഞ്ചേരി (തൃശ്ശൂർ ജില്ല)

4) മേൽ ഭേദഗതികളോടെ പരാമർശം (4) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ) കേരള, തിരുവനന്തപുരം
3. മാനേജിംഗ് ഡയറക്ടർ, കിറ്റ്കോ , കൊച്ചി
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,വിദ്യാകിരണം, BSNL ഭവൻ , തിരുവനന്തപുരം
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
7. ധനകാര്യ വകുപ്പ്
8. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by Namitha T
Date: 14-06-2022 16:42:31

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്